സാഹിത്യവീഥി

ഗദ്യജനയിതാവു്

(ഡി ശങ്കരയ്യർ ബി എ ബിഎൽ)

മറുപടി

"കേരളകാളിദാസനാണ ഗദ്യജനയിതാവു്" എന്ന എൻെറ പ്രസ്താവനയെ ഖണ്ഡിച്ചുകൊണ്ടു ചിത്രമെഴുത്തു മി. വറുഗീസ് കഴിഞ്ഞ ഏതാനും ആഴ്ചകളിലായി ഈ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനം വായിച്ചപ്പോൾ ഇതിനൊരു മറുപടി എഴുതണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. മി. വറുഗീസ് ലേഖനത്തിൻെറ അവസാനത്തിൽ മറുപടി ആവശ്യപ്പെട്ടിരിക്കുന്നതുകൊണ്ടു് മറുപടി എഴുതാതിരിക്കുന്നതു് അനുചിതമാണെന്നു മാത്രം കരുതി ഞാൻ ഈ ലേഖനം പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

ഗീവറുഗീസുകത്തനാരെപ്പററിയുള്ള വിജ്ഞാനപ്രദമായ ലേഖനത്തിനായി ഞാൻ ആദ്യം നന്ദിപറഞ്ഞുകൊള്ളുന്നു. ഗീവറുഗീസുകത്തനാരെപ്പററി സാധാരണമായി പ്രസിദ്ധമല്ലാതുള്ള പല വിഷയങ്ങളും മി. വറുഗീസു ജനസാമാന്യത്തിനു മനസ്സിലാക്കിത്തന്നതിനും ഗദ്യജനയിതാവു് എന്ന സ്ഥാനത്തിനർഹനാരാണെന്ന വിചാരണയിൽ കത്തനാരവർകളുടെ നാമധേയവും സ്മരണീയമാണെന്ന വാദം അവതരിപ്പിച്ചതിനും ഭാഷാഭിമാനികൾക്കു മി. വറുഗീസിനോടു് അതിയായ സന്തോഷം തോന്നുവാൻ കാരണമുണ്ടു്. എന്നാൽ മി. വറുഗീസിൻെറ ലേഖനത്തിൽ പ്രതിപാദിതങ്ങളായ വിഷയങ്ങൾകൊണ്ടു കത്തനാരവർകൾക്കു ഗദ്യജനയിതാവെന്ന സ്ഥാനത്തിനവകാശമില്ലെന്നും കേരളവർമ്മദേവൻതന്നെയാണ ആ സ്ഥാനത്തിനർഹനെന്നും എനിക്കുതോന്നുന്നു.

ഗദ്യജനയിതാവെന്ന പദത്തിനു ഗദ്യം ആദ്യമായി എഴുതിയ മഹാൻ എന്നു് അർത്ഥം കൽപ്പിക്കുന്നപക്ഷം മലയാളസാഹിത്യത്തിൻെറ ആദ്യത്തെ ഗദ്യഗ്രന്ഥമെന്നു വിശ്വസിക്കപ്പെട്ടുവരുന്നതും അറുനൂറു കൊല്ലത്തിനു മേൽ പഴക്കമുള്ളതും ചാക്യാന്മാരുടെയിടയിൽ പ്രചാരമുള്ളതുമായ "തമിൾ" എന്ന ഗ്രന്ഥത്തിൻെറ കർത്താവാണ ഗദ്യജനയിതാവെന്നു പറയേണ്ടിയിരിക്കുന്നു. എഴുത്തച്ഛനെ പദ്യസാഹിത്യജനകൻ എന്നു പറയുമ്പോലെ കേരളവർമ്മദേവനെ ഗദ്യജനയിതാവു് എന്നു കരുതേണ്ടതെന്നാണ ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്. കേരളവർമ്മതമ്പുരാൻ വളരെ ചെറുപ്പമായിരുന്നപ്പോൾതന്നെ നല്ല നല്ല ഉപന്യാസങ്ങൾ എഴുതിയിരുന്നു. കത്തനാരവർകളാണ ഗദ്യജനയിതാവെന്നു വാദിക്കുന്നപക്ഷം എഴുത്തച്ഛനു മുൻപു് ഉത്തമസാഹിത്യകൃതികൾ രചിച്ചു് ഇന്നും കേരളത്തിൽ ചിരഞ്ജീവികളായി വർത്തിക്കുന്ന കണ്ണശ്ശപ്പണിക്കർ, ചെറുശ്ശേരി ഇവരെ വിഗണിച്ചു് എഴുത്തച്ഛനെ പദ്യസാഹിത്യജനകനെന്നു കൽപ്പിക്കുന്നതു ശരിയാണോ? അപ്രകാരം കൽപ്പിക്കുന്നതു് ഈ മഹാകവികളോടു പ്രവർത്തിക്കുന്ന ഒരു അപരാധമല്ലേ? എൻെറ അഭിപ്രായം പദ്യസാഹിത്യജനകൻ എന്ന സ്ഥാനം എഴുത്തച്ഛനുതന്നെ നൽകേണ്ടതാണെന്നും അതേ ന്യായത്തിൽ ഗദ്യജനയിതാവെന്ന നാമധേയം കേരളവർമ്മദേവനുള്ളതാണെന്നും ആണു്. കണ്ണശ്ശപ്പണിക്കരുടെ "പാട്ടോ" ചെറുശ്ശേരിയുടെ ഇഴഞ്ഞ ഈരടികളോ പിൽക്കാലത്തുള്ളവർക്കു് അത്ര ആകർഷണീയമായി തോന്നിയിട്ടില്ല. എഴുത്തച്ഛനു ശേഷമുള്ള എല്ലാ ഭാഷാഭിമാനികൾക്കും എഴുത്തച്ഛൻെറ ഭാഷയും, ഗാനരീതിയും പദപ്രയോഗവിശേഷവും ഒരുപോലെ ആഹ്ലാദകരമായിട്ടുണ്ടു്. കാവ്യവിഷയത്തെപ്പററി പ്രകൃതത്തിൽ പറയേണ്ടതില്ല. ഇന്നത്തെ സാഹിത്യപ്രണയികൾക്കു് എഴുത്തച്ഛനാണ മാർഗ്ഗദർശി. എഴുത്തച്ഛൻ—സംസ്കൃതത്തിലെ ഉത്തരരാമായണത്തെക്കാൾ ആദരപൂർവം കൊണ്ടാടി തൻെറ കൃതിക്കു് ഒരു മൂലഗ്രന്ഥമായി കരുതിയെന്നുതന്നെ പറയാവുന്ന കണ്ണശ്ശരാമായണം ഉത്തരകാണ്ഡം—ആദ്യന്തം അമൃതനിഷ്യന്ദിയായ കാവ്യരസം നിറഞ്ഞ ഉത്തമസാഹിത്യഗ്രന്ഥമായ കൃഷ്ണഗാഥ—ഇവയെ അഭിമാനപൂർവ്വം കൊണ്ടാടുന്ന കേരളീയർ എഴുത്തച്ഛനെ പദ്യസാഹിത്യജനകനായി കൽപ്പിക്കുന്നതു് ഇന്നത്തെ പദ്യസാഹിത്യം എഴുത്തച്ഛൻ അവതരിപ്പിച്ച പദ്യസാഹിത്യത്തിൻെറ രീതിയിലായ കൊണ്ടാണു്. ഇന്നത്തെ ഗദ്യസാഹിത്യത്തിൻെറ മാർഗ്ഗദർശി സന്മാർഗ്ഗപ്രദീപം മുതലായ കൃതികളും മാർഗ്ഗോപദേഷ്ടാവുമായ(?) കേരളവർമ്മതമ്പുരാനുമാണു്. ഇങ്ങനെ പറയുന്നതുകൊണ്ടു് ഈ കൃതികൾക്കുമുമ്പുതന്നെ ഗദ്യമെഴുതിയിരുന്ന മഹാന്മാർക്കു് ഒരു കുറവും ഉള്ളതായി കരുതുവാനില്ല.

ഒന്നാമത്തെ ആഖ്യായിക അക്ബർ അല്ലെന്നും അക്ബറിൻെറ ആദ്യഭാഗം സംസ്കൃതബഹുലമാണെന്നും അതു ഇപ്പോൾ അത്ര പ്രസിദ്ധമല്ലെന്നും സമ്മതിക്കാം. തിരുമനസ്സുകൊണ്ടു സ്വന്തമായി ഗദ്യഗ്രന്ഥങ്ങൾ രചിച്ചിരുന്നതു കൂടാതെ സാഹിത്യകാരന്മാരെ പ്രോൽസാഹിപ്പിച്ചു ഭാഷയിൽ വിവിധവിഷയങ്ങളിലായി അനവധി ഗ്രന്ഥങ്ങൾ അവതരിപ്പിച്ചിട്ടുണ്ടു്. തിരുമനസ്സുകൊണ്ടു പ്രയത്നിച്ചതിൻെറ ഫലമായിട്ടാണ ഗണനീയമായ ഒരു ഗദ്യസാഹിത്യംതന്നെ ഭാഷയ്ക്കുണ്ടായതു്. അവിടത്തേക്കു മാതൃഭാഷാപോഷണത്തിനു പ്രയത്നിക്കണമെന്നു തോന്നിയതു അൽപം താമസിച്ചിട്ടായിരുന്നാലും ഗണ്യമായ ഒരു ഗദ്യസാഹിത്യ സമ്പത്തുനേടുവാൻ ഭാഷയ്ക്കു കഴിഞ്ഞതു് അവിടത്തെ സഹായം കൊണ്ടാണു്. എൻെറ ലേഖനത്തിൽ കേരളകാളിദാസനും കേരളവ്യാസനും സാഹിത്യകാരന്മാരെ പ്രോൽസാഹിപ്പിച്ചുവന്ന വിഷയത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ടായിരുന്നുവല്ലോ.

ഇനി വറുഗീസുകത്തനാരവർകളുടെ ഗദ്യകൃതികൾ പരിശോധിക്കാം. ഇവ പ്രസിദ്ധങ്ങളായിത്തീരാഞ്ഞതു ഗ്രന്ഥങ്ങളുടെ പേരുകൊണ്ടു മനസ്സിലാകുന്നതുപോലെ കത്തനാർ തിരഞ്ഞെടുത്ത വിഷയങ്ങളുടെ ഗഹനതകൊണ്ടായിരിക്കാം. സത്യവാദഖേടം, സംയുക്ത, കൊഴുമുതലൻമ, ഗസററിൻെറ വിമർശനം ഇവ ആരെയാണു് ആകർഷിക്കുക? ഇത്തരം ഗ്രന്ഥങ്ങൾക്കു പ്രസിദ്ധിയുണ്ടാകയില്ലെന്നു് ഇന്നത്തെ ഗ്രന്ഥലോകം തെളിയിക്കുന്നുണ്ടു്. കത്തനാർ അവർകളുടെ ഗദ്യത്തിനു് ഇന്നത്തെ ഗദ്യത്തെ അപേക്ഷിച്ചു വളരെ വ്യത്യാസമുണ്ടു്. തമ്പുരാൻെറ ഗദ്യരീതിയിൽനിന്നു് ഇന്നത്തെ ഗദ്യരീതി മാറിയിട്ടില്ല. "കുറേ കാലം മുൻപേ ജന്മിമാർക്കു മര്യാദയായിരിക്കുന്നതും" "വ്യാകരണത്തെ പറയുക,, മുതലായ പ്രയോഗങ്ങൾ ഇന്നത്തെ ഗദ്യത്തിലില്ല. മി. വറുഗീസ് ഉദ്ധരിച്ചിട്ടുള്ള ഹജ്ജരാപ്പീസിലെ എഴുത്തിലെ ഭാഷ ഇന്നത്തെ ഭാഷപോലെ വളരെ സുഗമവും ലളിതവും പുതുമയുള്ളതുമായിരിക്കുന്നെങ്കിലും കത്തനാരുടെ ഭാഷ വളരെ ക്ലിഷ്ടമായികാണുന്നു. "അണുകൾ ആദ്യന്തമില്ലാതെ നിത്യമായിരിക്കുന്നവയെന്നു കണാദൻ പറയുന്നു. അവൻ വ്യസനിക്കുന്നതാവിതു്". ഇവിടെ 'വ്യസനിക്കുക, എന്നതു് ഇംഗ്ലീഷിൽ Regrets എന്നു വിചാരിച്ചു മലയാളത്തിൽ എഴുതിയതായി വരാം. ഇംഗ്ലീഷിലെ Regrets-നും I am sorry-ക്കും 'നിവൃത്തിയില്ല, എന്നു മാത്രമല്ലാതെ 'ഞാൻ വ്യസനിക്കുന്നു, എന്നു് അർത്ഥം കൽപ്പിക്കുവാൻ തരമില്ല. ഏതായാലും ആധുനികഗദ്യത്തിൽ വ്യസനം (ദുഃഖം) ഹൃദയവ്യഥതന്നെയാണു്. സ്നേഹിതന്മാർ തമ്മിലുള്ള കത്തിടപാടുകളിൽ 'വ്യസനിക്കുന്നു, എന്നു് ഇംഗ്ലീഷ്മട്ടിൽ എഴുതാറുണ്ടെങ്കിലും സാഹിത്യഭാഷയിൽ ഈ പ്രയോഗം ഇല്ലതന്നെ. കത്തനാരുടെ ഇംഗ്ലീഷ്ഭാഷ അനുകരിച്ചുള്ള പ്രയോഗത്തിനു് ഇന്നു സ്ഥാനമില്ല. "അഖിലാണ്ഡം എല്ലാം ബ്രഹ്മമാകുന്നു,, അക്ഷയഭൂതമായ ബ്രഹ്മത്തിൽനിന്നും അഖിലാണ്ഡം ഉണ്ടായിരിക്കുന്നു. ഈ വാചകങ്ങൾ രണ്ടും ഒരേ തത്വം പ്രഖ്യാപനം ചെയ്യുന്നതായി ഇന്നത്തെ ഗദ്യരീതിയനുസരിച്ചു വിചാരിപ്പാൻ തരമില്ല. കത്തനാർ അങ്ങനെ എഴുതീട്ടുള്ളതായി തോന്നിപ്പോകുന്നു. കത്തനാരവർകളുടെ ഗദ്യകൃതികൾ പ്രസിദ്ധമല്ലാതിരുന്നതുകൊണ്ടും ഗദ്യരീതി അനന്തരകാലത്തെ ജനാവലിക്കു് ആദർശമായിരിക്കത്തക്കവണ്ണം ദോഷരഹിതമായിക്കാണാഞ്ഞതുകൊണ്ടും ആയിരിക്കാം കത്തനാരുടെ ഗദ്യരീതിക്കു് അതു് അർഹിക്കുന്ന സ്ഥാനം ലഭിക്കാതെ വന്നതു്. ഈ ഉദാഹരണങ്ങളിൽ ഞാൻ അഭിപ്രായപ്പെട്ടവ എൻെറ ഊഹങ്ങൾ മാത്രമാണെന്നും എൻെറ അഭിപ്രായങ്ങൾതന്നെയാണ ശരിയെന്നും ഞാൻ വാദിക്കുന്നില്ല. ഇവയായിരിക്കാം കാരണങ്ങൾ എന്നു മാത്രമേയുള്ളു.

ഭാഷാചരിത്രകാരന്മാർ അവരുടെ പ്രയത്നഫലമായി കിട്ടിയ അറിവുകളെ ക്രോഡീകരിച്ചു ഭാഷാചരിത്രം എഴുതീട്ടുള്ളതാണെന്നല്ലാതെ അവയിൽ എന്തെങ്കിലും അപൂർണ്ണമായുണ്ടെങ്കിൽ അതു മനഃപൂർവമാണെന്നു വാദിക്കുന്നതു സാഹസമാണു്. ഭാഷാചരിത്രത്തിൽ ഇനി പലതും അറിയേണ്ടിയിരിക്കുന്നു. ഞാൻ എഴുതിയതു് അബദ്ധം, ഭാഷാചരിത്രകാരന്മാർ എഴുതിയതു് അബദ്ധം എന്നു മി. വറുഗീസിനു നിരൂപകൻെറ നിലയിൽ പറയാമെന്നിരിക്കട്ടെ. എന്നാൽ അതെല്ലാം മതവൈരംകൊണ്ടാണെന്നുള്ള കൽപ്പന മഹാബദ്ധമാണെന്നു പറയാതെ തരമില്ല. മതവൈരം എവിടെയോ ഉണ്ടായിരിക്കാം. സാഹിത്യത്തിലും ഉണ്ടെന്നു ധരിച്ചു് ആദ്യമായി ആ ശങ്കയോടെതന്നെ ലേഖനമെഴുതുവാൻ മി. വറുഗീസ് തുടങ്ങേണ്ടതില്ലായിരുന്നു. ഒന്നാമതായി ഈ കാര്യങ്ങളിൽ മതവിദ്വേഷത്തിനു സ്ഥാനമില്ല. ഉണ്ടെങ്കിൽ നാം അതു ഗണിച്ചിട്ടു കാര്യമില്ല. അതുനിമിത്തം ഒരു സമുദായത്തിനും ഒരു ഗ്രന്ഥകാരനും ഒന്നും വരുവാനില്ല. കേരളവർമ്മദേവൻെറ പ്രഖ്യാതിക്കു മി. വറുഗീസ് ഒന്നുരണ്ടു കാരണങ്ങൾ സൂചിപ്പിച്ചതും—എനിക്കു ഭാഷാചരിത്രാന്വേഷകൻ എന്നൊരു ബിരുദു തന്നതും ഈ ലേഖനത്തിൽ അപ്രകൃതമായിപ്പോയി. ഗീവറുഗീസ് കത്തനാരുടെ കൃതികൾ ജനസാമാന്യത്തിനു സുലഭമായികിട്ടത്തക്കവിധം പ്രസിദ്ധീകൃതമാകുമെങ്കിൽ—അവയിൽ ജനാവലിക്കു കൗതുകമുദിക്കുമെങ്കിൽ അവയുടെ മാഹാത്മ്യം എല്ലാവർക്കും നല്ലപോലെ മനസ്സിലാകുമെങ്കിൽ—കത്തനാർ അവർകൾക്കു ഗദ്യജനയിതാവെന്നോ ഗദ്യസാഹിത്യ നായകൻ എന്നോ ഓരോ സ്ഥാനങ്ങൾ ഭാഷാലോകം നൽകിയെന്നു വരാം. കത്തനാർ അവർകളുടെ കൃതികൾ എന്തെല്ലാമാണെന്നു സാധാരണക്കാർ അറിഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു് അവയെല്ലാം പ്രസിദ്ധപ്പെടുത്തിയ ശേഷം ഗദ്യജനയിതാവു് ആരാണെന്നു തീരുമാനിക്കേണ്ട ഭാരം ഭാഷാലോകത്തിനു വിട്ടുകൊടുക്കുന്നതു് ഉത്തമമായിരിക്കും. എനിക്കു് ഇതിനെപ്പററി ഇത്രമാത്രമേ പറവാനുള്ളൂ.

(ഒന്ന…

പ്രാർത്ഥ… സ്കരി… ർകെ ബ… ശ്ചര്യം!… ർചവൽ… ടിയവന… ഷാശ്രു… വിശ്വാ… ന്നു് ആർ… പിരിഞ്ഞ…

